കാസർഗോഡ്	1189
ആകെ	26734

(ബി) 100 രൂപ.

(സി) 14 മാസത്തെ കുടിശ്ശിക 1995-96-ലെ കുടിശ്ശിക 17 മാസമായിരുന്നു.

(ഡി) ധനലഭ്യതയനുസരിച്ച് പെൻഷൻ കുടിശ്ശിക വിതരണം ചെയ്യുന്നതാണ്.

(ഇ) ധനലഭ്യതയനുസരിച്ചുമാത്രമേ പെൻഷൻ നൽകുവാൻ കഴിയുകയുള്ളു.

(എഫ്) പെൻഷൻ വർദ്ധനവ് ഇപ്പോൾ പരിഗണനയിലില്ല.

(ജി) പെൻഷൻ ഫണ്ട് രൂപീകരിക്കാൻ ഉദ്ദേശമില്ല.

(എച്ച്) 1999-2000 വർഷത്തിലെ പെൻഷനുള്ള അപേക്ഷകളിന്മേൽ നടപടിയെടുത്തുവരുന്നതേയുള്ളു.

14 (410) മത്സ്യത്തൊഴിലാളികൾക്ക് വാർദ്ധക്യകാലപെൻഷൻ

ശ്രീ. എ. അലിഹസ്സൻ :
ശ്രീമതി കെ.കെ. ശൈലജടീച്ചർ :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ :
ശ്രീ. എൻ.ആർ. ബാലൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ വാർദ്ധക്യകാല പെൻഷൻ വരുമാന പരിധി ഏർപ്പെടുത്തിയിരുന്നുവോ; എങ്കിൽ എത്ര;

(ബി) വരുമാനപരിധി കാലോചിതമായി വർദ്ധിപ്പിക്കേണ്ടതുണ്ടെന്നു കരുതുന്നുണ്ടോ; എങ്കിൽ എത്രയായി ഉയർത്തുന്നതിനാണ് ഇപ്പോൾ നിശ്ചയിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) മത്സ്യത്തൊഴിലാളികൾക്കുള്ള വാർദ്ധക്യകാല പെൻഷൻ എത്ര മാസത്തേയാണ് കുടിശ്ശികയായിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഡി) പെൻഷൻകുടിശ്ശിക പൂർണ്ണമായി കൊടുത്തുതീർക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) സംസ്ഥാനത്ത് ഇതിനകം വാർദ്ധക്യകാല പെൻഷന് അർഹതയുള്ള മത്സ്യത്തൊഴിലാളികൾ എത്ര എന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഏർപ്പെടുത്തിയിരുന്നു.

വ്യക്തിഗത വാർഷിക വരുമാന പരിധി 1500 രൂപ.

(ബി) വരുമാന പരിധി 5000 രൂപയായി ഉയർത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 14 മാസത്തെ.

(ഡി) ധനലഭ്യതയുടെ അടിസ്ഥാനത്തിൽ പരിഗണിക്കുന്നതാണ്.

(ഇ) ഉണ്ട്. 26734 പേർ.

(1999 മാർച്ച് 31-ലെ കണക്കനുസരിച്ച്).

15 (411) മത്സ്യബന്ധനത്തിനു പോയി കാണാതായവർ

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. പി.ജെ. ഫ്രാൻസിസ് :
ശ്രീ. കെ.സി. വേണുഗോപാൽ :
ഡോ. എം.എ. കുട്ടപ്പൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 1998-99-ലും 1999-2000-മാണ്ടിൽ ഇതുവരെയും മത്സ്യബന്ധനത്തിനുപോയ എത്രപേരെ കാണാതായിട്ടുണ്ട്;

(ബി) ഇതിൽ എത്രപേർ മരിച്ചു;

(സി) കാണാതാകുന്നവരെപ്പറ്റിയുള്ള അന്വേഷണത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാറുള്ളത്;

(ഡി) 1998-99-ൽ കാണാതായ എത്രപേരെ രക്ഷിക്കാനായിട്ടുണ്ട്;

(ഇ) മത്സ്യബന്ധനത്തിനുപോയി മരണമടയുന്നവരുടെ ആശ്രിതർക്ക് എന്തെല്ലാം സഹായങ്ങൾ നൽകിവരുന്നു;

(എഫ്) ഇത് വർദ്ധിപ്പിക്കാൻ ഉദ്ദേശ്യമുണ്ടോ?

ഉത്തരം

(എ) 6 പേരെ കാണാതായിട്ടുണ്ട്.

(ബി) 5 പേർ.

(സി) ഫിഷറീസ്‌വക ബോട്ടുകളും വാടകയ്ക്ക് എടുക്കുന്ന ബോട്ടുകളും വള്ളങ്ങളും ഉപയോഗിച്ച് കടലിൽ തെരച്ചിൽ നടത്തുന്നു. പോർട്ടുവകുപ്പിന്റെ ടഗ്ഗുകളും കോസ്റ്റ് ഗാർഡിന്റെ സേവനവും തെരച്ചിലിലേക്കായി ഉപയോഗപ്പെടുത്തുന്നു. അടിയന്തിരഘട്ടങ്ങളിൽ ഇൻഡ്യൻ നേവിയുടെ സഹായത്താൽ ഹെലികോപ്റ്റർ ഉപയോഗിച്ചും തെരച്ചിൽ നടത്താറുണ്ട്.

(ഡി) 23 പേരെ.

(ഇ) മത്സ്യബന്ധന സമയത്തോ തൊട്ടുപിന്നാലെയോ അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ മരണമടയുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് മത്സ്യത്തൊഴിലാളി ക്ഷേമനിധിബോർഡിൽനിന്നും 15000 രൂപ ധനസഹായം നൽകുന്നു. അപകടംമൂലം മരണമടയുന്നവരുടെ ആശ്രിതർക്ക് ബോർഡ് നടപ്പാക്കുന്ന ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിപ്രകാരം 50,000 രൂപ നൽകുന്നു.

മത്സ്യഫെഡ് നടപ്പാക്കിവരുന്ന ജനതാപേഴ്സണൽ അപകട ഇൻഷ്വറൻസ് പദ്ധതിയനുസരിച്ച് മത്സ്യബന്ധനത്തിനു പോയി മരണമടയുന്നവരുടെ ആശ്രിതർക്ക് 1 ലക്ഷം രൂപ നൽകിവന്നിരുന്നത് 1999-2000 മുതൽ 1.5 ലക്ഷം

LIBRARY ARCHIVES Kerala Legislative Assembly